**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3095** **25-06-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വെള്ളയിൽ മത്സ്യഭവൻ സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് വെള്ളയിൽ മത്സ്യഭവൻ സ്ഥാപിക്കുന്നതിനു പദ്ധതിയുണ്ടോ; | (എ) | ഉണ്ട്. വെള്ളയിൽ മത്സ്യഭവൻ സ്ഥാപിക്കുന്നതിന് 2024-25 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഇതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; | (ബി) | അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| (സി) | പദ്ധതി നടത്തിപ്പിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയത് എന്നറിയിക്കാമോ; | (സി) | വെള്ളയിൽ മത്സ്യഭവൻ നിർമ്മാണത്തിനായി സംസ്ഥാന ബഡ്ജറ്റ് പ്രകാരം പൊതുമരാമത്ത് വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് |
| (ഡി) | പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കോഴിക്കോട് ജില്ലാ ഓഫീസും പൊതുമരാമത്ത് വകുപ്പും സംയുക്തമായി മത്സ്യഭവൻ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള അടിയന്തിര നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ